സ.ഉ.(സാധാ) നം.215/2023/H&FWD

EH
8
30/1/23
134756/2023/FCD/115

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -2023 പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.215/2023/H&FWD തീയതി,തിരുവനന്തപുരം, 29-01-2023

---

പരാമർശം:- 1. സ.ഉ (പി) 3/2017/ഉഭപവ തീയതി 25.02.2017

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04.01.2023 തീയതിയിലെ ഇഎച്ച് 1/7074/2022/ആവഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2023 ലെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന സമയക്രമവും മാർഗനിർദ്ദേശങ്ങളും കൃത്യമായി പാലിക്കുവാൻ ഉത്തരവാകുന്നു.

| | |
|---|---|
| ഓൺലൈൻ മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി | 20-02-2023 |
| സ്ഥാപനങ്ങളിൽ നിന്നും ജില്ലാ ഓഫീസുകളിലേക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 25.02.2023 |
| ജില്ലാ ഓഫീസുകളിൽ നിന്നും വകുപ്പ തലവന്റെ ഓഫീസിലേക്ക് അപേക്ഷകൾ സമർപ്പിക്കേണ്ട തീയതി ( അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി) | 10.03.2023 |
| കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി | 30.03.2023 |
| കരടിൻമേൽ പരാതികൾ സ്വീകരിക്കുന്ന അവസാന തീയതി | 05.04.2023 |
| അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 30.04.2023 |

കൂടാതെ കരട് ലിസ്റ്റും അന്തിമ ലിസ്റ്റും www.dhs.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കണം. അതോടൊപ്പം ഓരോ തസ്തികയുടെയും വെവ്വേറെ കരട് ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ ആഫീസുകളിൽ കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്.

(2) കരട് ലിസ്റ്റിലുൾപ്പെട്ട ജീവനക്കാരെ ഏതെങ്കിലും കാരണവശാൽ അന്തിമ ലിസ്ററിൽ നിന്നും ഒഴിവാക്കുന്നതിനോ/അനുവദിക്കപ്പെട്ട സ്റ്റേഷനിൽ മാറ്റം വരുത്തുന്നതിനോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ടി ജീവനക്കാർക്ക് അറിയിപ്പുനൽകുകയും അവരുടെ ആക്ഷേപം പരിശോധിക്കുകയും ചെയ്യേണ്ടതാണ് .

(3). അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ അതിൽ സ്ഥലംമാറ്റ അപേക്ഷ അനുകൂലമായി പരിഗണിക്കുവാൻ ഇടയായ കാരണങ്ങൾ (പുറം സ്ഥാപനത്തിലെ സേവനകാലം, സൈനിക സേവനത്തിലിരിക്കുന്നവരുടെ ആശ്രിതർ, പെൻഷൻ ആകാറായവർ, അനുകമ്പ അർഹിക്കുന്നവർ തുടങ്ങിയവ) കാണിച്ചിരിക്കേണ്ടതാണ്.

(4).എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിക്കുന്ന എല്ലാ അപേക്ഷകളും 2023 ഫെബ്രുവരി 15-ന് മുൻപ് ഓരോ തസ്തികയ്ക്കും വെവ്വേറെ ആമുഖക്കുറിപ്പ് സഹിതം ബന്ധപ്പെട്ട വകുപ്പ് തലവൻമാരുടെ കാര്യാലയത്തിൽ ലഭ്യമാക്കണം.

(5).2023 ഏപ്രിൽ 30-ാം തീയതിക്ക് മുൻപ് പൊതുസ്ഥലം മാറ്റം പൂത്തിയാക്കേണ്ടതാണ്.

(6).2023 ഫെബ്രുവരി 28 ന് മൂന്ന് വർഷം പൂർത്തിയാക്കുന്ന ജീവനക്കാരന്റെ അപേക്ഷ മാത്രമേ പൊതു സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ പാടുള്ളൂ.(മൂന്ന് വർഷം കാലാവധി എന്നത് ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതൽ അടുത്ത ഏപ്രിൽ 30 വരെ കണക്കാക്കാവുന്നതാണ്).

(7).അന്തർജില്ലാ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ച ശേഷം മാത്രം ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(8) സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ www.spark.gov.in/webspark എന്ന Website വഴി സമർപ്പിക്കേണ്ടതാണ്.

(9) അപ്പീലുകൾ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത്, പൊതുസ്ഥംമാറ്റം സംബന്ധിച്ച മാർഗനിർദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കണം . കൂടാതെ ഇതു സംബന്ധിച്ച ഉത്തരവിൽ/ നടപടി ക്രമത്തിൽ അപ്പീൽ സ്വീകരിക്കുന്നതിനോ നിരസിക്കുന്നതിനോ ആധാരമായ കാര്യ കാരണങ്ങൾ വ്യക്തമായി പ്രതിപാദിച്ചിരിക്കേണ്ടതാണ് ( Speaking Order).

(10) മേൽപ്പറഞ്ഞ മാർഗനിർദ്ദേശങ്ങൾക്കൊപ്പം പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകളുടെയും, പൊതുസ്ഥലംമാറ്റം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും തുടർന്ന് പുറപ്പെടുവിക്കപ്പെട്ട ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ 2023 ലെ പൊതുസ്ഥലംമാറ്റം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ഡ്രഗ്സ് കൺട്രോളർ,തിരുവനന്തപുരം
ഭക്ഷ്യ സുരക്ഷാ കമ്മീഷണർ,തിരുവനന്തപുരം
പബ്ളിക് റിലേഷൻസ് ഡയറക്ടർ,തിരുവനന്തപുരം(പരസ്യപ്പെടുത്തുന്നതിനായി)
കരുതൽഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Manjula G
Date: 30-01-2023 11:04:14

പകർപ്പ് - ആരോഗ്യ കുടുംബക്ഷേമ (സി, ഇ,എഫ്, എച്ച് ,എം) വകുപ്പുകൾക്ക്

മേൽപ്പത്രം നം. EH1 - 134756/2023/DHS dt 31/01/2023

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

31/1/2023.

സ്വീകർത്താവ്

ആരോഗ്യവകുപ്പ് ഡയറക്ടർ

1) [illegible] ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2) സൂപ്രണ്ട്, EA, ED, EE, EF, EG, EH, HT, FWA സെക്ഷനുകൾ
3) ഫയൽ